"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗാന്ധിഭവൻ ഇൻറർനാഷണൽ ട്രസ്റ്റ് പത്തനാപുരം, കൊല്ലം - മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1032/2025/LSGD തീയതി,തിരുവനന്തപുരം, 25-04-2025

പരാമർശം:- (1) സർക്കുലർ നമ്പർ ഡിഎ1/256/2024-ത.സ്വ.ഭ.വ തീയതി 20-07-2024

(2) ഡോ.പുനലൂർ സോമരാജൻ, മാനേജിംഗ് ട്രസ്റ്റി, ഗാന്ധിഭവൻ, പത്തനാപുരം സമർപ്പിച്ച GB-HEALTH-1942/24(1) നമ്പർ കത്ത്

(3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.03.2025-ലെ SM/1866/2024-C1 നമ്പർ കത്ത്.

**ഉത്തരവ്**

(1) സ്വഭവനങ്ങളിൽ നിന്നും ഉറ്റ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട അഗതികളും അനാഥരും നിരാലംബരുമായ വൃദ്ധമാതാപിതാക്കൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് സംരംക്ഷണം നൽകുകയും, ശാരീരിക മാനസികാരോഗ്യ ഇടപെടലുകളും, തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും നൽകി, അവരെ സ്വന്തം നിലയിൽ ജീവിക്കുവാൻ പ്രാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുകയാണ് ഗാന്ധി ഭവൻ ഇന്റർനാഷണൽ ട്രസ്റ്റിന്റെ പരിധിയിലുള്ള ക്ഷേമസ്ഥാപനങ്ങളുടെ ലക്ഷ്യം എന്ന് പരാമർശം (2) പ്രകാരം സൂചിപ്പിച്ചിട്ടുണ്ട്.

(2) പത്തനാപുരം ഗാന്ധിഭവനിൽ പച്ചക്കറി-ഭക്ഷണ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി , ബയോ ഗ്യാസ് പ്ലാന്റ്, തുമ്പൂർമുഴി മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് പത്തനാപുരം ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, യൂണിറ്റുകളുടെ നിർമ്മാണ ചെലവിന്റെ 70 ശതമാനം സർക്കാർ ഫണ്ട് ലഭ്യമാകുമെങ്കിൽ ബാക്കി

30 ശതമാനം തുക ഗാന്ധിഭവൻ വഹിക്കുന്നതാണെന്നും, ഗാന്ധിഭവനിൽ ബയോഗ്യാസ് പ്ലാന്റ്, തുമ്പൂർമൂഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് പത്തനാപുരം ഗാന്ധിഭവൻ മാനേജിംഗ് ട്രസ്റ്റി ഡോ. പുനലൂർ സോമരാജൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(3) IRTC യുടെ എസ്റ്റിമേറ്റ് പ്രകാരം പ്രതിദിനം 400 kg/day ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന് ആകെ 12,50,000/- രൂപയും തുമ്പൂർമൂഴിക്ക് 5,21,000/- രൂപയുമാണ് വില വരുന്നതെന്നും, ആകെ 17,71,000/- രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ 30% വിഹിതം ഗാന്ധിഭവൻ തന്നെ വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയുടെ ആകെ ചെലവിന്റെ 70% സംസ്ഥാന സർക്കാരിന്റെ ശുചിത്വ കേരളം (റൂറൽ) ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകാവുന്നതാണെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടകസ്ഥാപനങ്ങൾക്ക് പുറമെ മറ്റ് സ്ഥാപനങ്ങളിലും ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. കേരള സർക്കാരിന്റെ / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേരിട്ട് ഉടമസ്ഥതയിലുള്ള സ്ഥാപനമല്ലാത്ത പത്തനാപുരം ഗാന്ധിഭവന്, പരാമർശം (1)-ലെ സർക്കുലറിന്റെ ആനുകൂല്യം നൽകിയും, അശരണരും നിരാലംബരുമായ ആളുകളെ സൗജന്യമായി താമസിപ്പിക്കുന്ന ടി സ്ഥാപനത്തിന്റെ ആവശ്യം ഒരു പ്രത്യേക വിഷയമായി പരിഗണിച്ചും, പത്തനാപുരം ഗാന്ധിഭവനിൽ ബയോഗ്യാസ് പ്ലാന്റ്, തുമ്പൂർമൂഴി മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ ആകെ അടങ്കൽ തുകയായ 17,71,000/- രൂപയിൽ ഗാന്ധിഭവൻ വഹിക്കുന്ന വിഹിതമായ 30% കിഴിച്ച് വരുന്ന 70% തുക പത്തനാപുരം ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് വച്ച്, ശുചിത്വ കേരളം (റൂറൽ) വിഹിതമായി ഫണ്ട് വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥൻ ഈ പ്രോജക്ട് പൂർത്തിയാക്കി ഗാന്ധിഭവന് കൈമാറേണ്ടതും തുടർന്നുള്ള O & M പ്രവൃത്തികൾ ഗാന്ധിഭവൻ തന്നെ നടത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്.

ഡോ.പുനലൂർ സോമരാജൻ, മാനേജിംഗ് ട്രസ്റ്റി, ഗാന്ധിഭവൻ, പത്തനാപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 25-04-2025 12:29:52
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറിയുടെ പി.എ-ക്ക്